**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1268** **10-10-2024 - ൽ മറുപടിയ്ക്ക്**

**അടാട്ട് പഞ്ചായത്തിലെ അമല റെയിൽവേ മേൽപാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ജില്ലയിലെ അടാട്ട് പഞ്ചായത്തിലെ അമല റെയിൽവേ മേൽ പാലത്തിന് സമാന്തരമായി പുതുതായി നിർമ്മിക്കുന്ന അമല സമാന്തര റെയിൽവേ മേൽപാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (എ) | തൃശ്ശൂരിന്റേയും ഗുരുവായൂരിന്റേയും റെയിൽവേ സ്റ്റേഷനുകൾക്ക് ഇടയിൽ അമല മെഡിക്കൽ കോളേജിന് സമീപം നിലവിൽ ഒരു രണ്ട് വരി ആർ.ഒ.ബി ആണ് ഉള്ളത്. എന്നാൽ ഇവിടത്തെ റോഡ് (തൃശ്ശൂർ-കുറ്റിപ്പുറം) സംസ്ഥാന ഗവൺമെന്റ് 4 വരിയാക്കി വികസിപ്പിച്ചു. മേൽപ്പാലം രണ്ട് വരി ആയതിനാൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നു.<br><br>ആയതിനാൽ 16/08/2023 -ലെ സ.ഉ. (സാധാ)നം.1109/2023/PWD ഉത്തരവ് പ്രകാരം ആർ.ബി.ഡി.സി.കെ.യെ നിലവിലുള്ള ആർ.ഒ.ബി. യ്ക്ക് സമാന്തരമായി നിർമ്മിക്കുന്ന രണ്ട് വരി ആർ.ഒ.ബി.യുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി നിയമിച്ചു. മേൽപ്പാലം ഗുരുവായൂർ സൈഡിലാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ ഇന്ത്യൻ ഓയിൽ - അദാനി ഗ്യാസ് പൈപ്പ് ലൈൻ ഉള്ളതിനാൽ മേൽപ്പാലം തൃശ്ശൂർ സൈഡിലേയ്ക്ക് മാറ്റണമെന്ന് റെയിൽവേ 06.09.2024-ലെ കത്ത് മുഖേന നിർദ്ദേശിച്ചു.<br><br>മറുവശത്തേക്ക് മാറ്റിയാൽ ധാരാളം കെട്ടിടങ്ങളേയും ഒരു അമ്പലത്തേയും ബാധിക്കുമെന്നും, ഗ്യാസ് പൈപ്പ് ലൈൻ നിലവിലെ പാലത്തിൽ നിന്ന് 15 മീറ്റർ മാറിയാണെന്നും പുതിയ പാലത്തിന് 9.9 മീറ്റർ വീതി മാത്രമേ ഉള്ളൂയെന്നും, ആയതിനാൽ നിലവിൽ സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസലിന് അനുമതി നൽകണമെന്ന് 11.09.2024-ാം തീയതിയിലെ കത്ത് മുഖേന റെയിൽവേയോട് ആവശ്യപ്പെട്ടു.<br><br>ജി.എ.ഡി.യിൽ ചില തിരുത്തലുകൾ വരുത്താൻ റെയിൽവേ ആവശ്യപ്പെട്ടിട്ടുണ്ട്. റെയിൽവേ ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്ന തിരുത്തലുകൾ വരുത്തി റെയിൽവേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ